**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 627** **10-02-2025 - ൽ മറുപടിയ്ക്ക്**

**അനധികൃത ഖനനം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് 2023-24 കാലയളവിൽ ഖനനാനുമതി നൽകിയിരിക്കുന്നത് എത്ര യൂണിറ്റുകൾക്കാണെന്നത് ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) | 2023-24 കാലയളവിൽ 32 ക്വാറിയിങ് ലീസുകളും 213 ക്വാറിയിങ് പെർമിറ്റുകളും ഉൾപ്പടെ ആകെ 245 ഖനനാനുമതികൾ നല്കിയിട്ടുണ്ട്. അയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | ക്വാറിയിങ് ലീസ് | ക്വാറിയിങ് പെർമിറ്റ് |
|---|---|---|
| തിരുവനന്തപുരം | 5 | 4 |
| കൊല്ലം | 2 | 16 |
| പത്തനംതിട്ട | 3 | 3 |
| ആലപ്പുഴ | - | 3 |
| കോട്ടയം | 3 | 9 |
| ഇടുക്കി | - | 2 |
| എറണാകുളം | 2 | 31 |
| തൃശ്ശൂർ | - | 3 |
| പാലക്കാട് | 3 | 77 |
| മലപ്പുറം | 2 | 38 |
| കോഴിക്കോട് | 1 | 20 |
| വയനാട് | 3 | 3 |
| കണ്ണൂർ | 8 | 2 |
| കാസർഗോഡ് | - | 2 |
| ആകെ | 32 | 213 |

| | | | |
|---|---|---|---|
| (ബി) | അനധികൃത ഖനനം തടയുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; ഇതിന്റെ ഭാഗമായി 2023-24 കാലയളവിൽ എത്ര പാറ ക്വാറികൾക്കാണ് അനുമതി നിഷേധിച്ചതെന്ന് വിശദമാക്കാമോ? | (ബി) | മൈനിംഗ് & ജിയോളജി വകുപ്പിന്റെ സ്ക്വാഡ് വിഭാഗം അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികളിൽ സ്ഥല പരിശോധന നടത്തുകയും ഖനന പ്രവർത്തനം നിർത്തിവെക്കുന്നതിന് ക്വാറി ഉടമകൾക്ക് സ്റ്റോപ്പ് നോട്ടീസ് നൽകി അനധികൃതമായി ഖനനം ചെയ്ത ധാതുവിന്റെ |

റോയൽറ്റിയും വിലയും പിഴയും ഈടാക്കുന്നതിനുള്ള നടപടികൾ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ, കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ പ്രകാരം സ്വീകരിച്ച് വരുന്നു.

അനധികൃത ഖനനത്തിന് 2023-24 കാലയളവിൽ ഖനനാനുമതി നിഷേധിച്ച പാറ ക്വാറികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | നിരസിച്ചവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 3 |
| ഇടുക്കി | 1 |
| എറണാകുളം | 1 |
| തൃശ്ശൂർ | 1 |
| കോഴിക്കോട് | 3 |
| ആകെ | 9 |

സെക്ഷൻ ഓഫീസർ